പതിമൂന്നാം കേരള നിയമസഭ

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3228** 13.10.2011-ൽ മറുപടിയ്ക്ക്

**ജി.ഐ.എഫ്.റ്റി**

| **ചോദ്യം** | മറുപടി |
|---|---|
| ഡോ.എൻ.ജയരാജ് | ശ്രീ.കെ.എം.മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഗിഫ്റ്റി (ജി.ഐ.എഫ്.റ്റി) ന്റെ പ്രവർത്തനങ്ങൾ, ഘടന എന്നിവ വിശദമാക്കുമോ ; | (എ) 2009 ജൂൺമാസം ഒന്നാം തീയതി സ്വയംഭരണ സ്ഥാപനമായി രൂപീകൃതമായിട്ടുള്ള (നിലവിലുണ്ടായിരുന്ന സെന്റർ ഫോർ ടാക്സേഷൻ സ്റ്റഡീസിനെ വിപുലീകരിച്ച്) ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ (ഗിഫ്റ്റ്) എന്ന സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ, ഘടന എന്നിവ താഴെ വിവരിക്കും പ്രകാരമാണ്. |

**1. പ്രവർത്തനങ്ങൾ**

(എ) **ഗവേഷണം** :- പൊതുധനകാര്യം, നികുതിനിയമം, അക്കൗണ്ടിംഗ്, മാനേജ്മെന്റ്, സംസ്ഥാന ബഡ്ജറ്റ് അവലോകനം, കേന്ദ്ര സംസ്ഥാന ധനകാര്യബന്ധങ്ങൾ എന്നിവ യെക്കുറിച്ച് പഠനങ്ങൾ നടത്തിവരുന്നു. നികുതി സംബന്ധമായ മാറ്റങ്ങളെ കുറിച്ച് അവലോകനം ചെയ്ത് സർക്കാരിലേയ്ക്ക് റിപ്പോർട്ടുകൾ നൽകുക എന്നതിനുപുറമെ പൊതുമേഖല സ്ഥാപനങ്ങൾ മറ്റ് സംസ്ഥാന സർക്കാറുകൾ, കേന്ദ്ര റവന്യൂ വകുപ്പ്, മറ്റ് ഏജൻസികൾ തുടങ്ങിയവർക്ക് വേണ്ടി ഗവേഷണ പ്രോജക്റ്റുകൾ തയ്യാറാക്കി കൊടുക്കുന്നു.

(ബി) **കോഴ്സുകൾ** :- കേരള മൂല്യവർദ്ധിത നികുതി നിയമ പ്രകാരം

(..........2)

രണ്ട് വിദൂര പഠനകോഴ്സുകൾ (പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ടാക്സേഷൻ, ഡിപ്ലോമ ഇൻ സെയിൽസ് ടാക്സേഷൻ) നടത്തിവരുന്നു. ബിരുദധാരികൾക്ക് ടാക്സ് പ്രാക്ടീഷണർ ആകുവാൻ വേണ്ടിയും എസ്.എസ്.എൽ.സി. പാസ്സായവർക്ക് ടാക്സ് കൺസൾട്ടന്റ് ആകുന്നതിനും ഒരു വർഷത്തെ പഠന കോഴ്സുകൾ ഗിഫ്റ്റ് നടത്തുന്നുണ്ട്.

(സി) **പരിശീലനം** :- സംസ്ഥാന വാണിജ്യ നികുതി വകുപ്പിലെ നികുതി സംബന്ധമായ വിഷയങ്ങളിലും അക്കൗണ്ടിംഗ്, മാനേജ്മെന്റ് മേഖലകളിലും പരിശീലനം നൽകിവരുന്നു. വരാൻപോകുന്ന ഉൽപ്പന്ന സേവനനികുതിയെക്കുറിച്ചും പരിശീലനം നൽകുവാൻ ഉദ്ദേശി ക്കുന്നു. കൂടാതെ വ്യാപാരികൾ, വ്യവസായികൾ, പൊതുജനങ്ങൾ, വിദ്യാർത്ഥികൾ, തുടങ്ങിയവർക്കും നികുതി മാറ്റങ്ങളെ കുറിച്ച് ബോധവൽക്കരണം നടത്തിവരുന്നു. മറ്റ് സംസ്ഥാനങ്ങളിലെ നികുതി വകുപ്പ് ഉദ്യോഗസ്ഥർക്കും നികുതി നിയമത്തിലും അക്കൗണ്ടിംഗ്, മാനേജ്മെന്റ് മേഖലകളിലും സംസ്ഥാനങ്ങളുടെ ആവശ്യപ്രകാരം നടത്തിവരുന്നു.

(ഡി) **പ്രസിദ്ധീകരണം** :- മൂല്യവർദ്ധിത നികുതി, വിൽപന നികുതി, മണിലെൻഡിംഗ് നികുതി, കാർഷികാദായ നികുതി എന്നീ നിയമങ്ങളിൽ കാലാകാലങ്ങളിൽ ഉണ്ടാകുന്ന മാറ്റങ്ങൾ കോടതി വിധികൾ എന്നിവ ഉൾപ്പെടുത്തി എല്ലാ മാസവും 'കേരളാ ടാക്സ് റിപ്പോർട്ടർ' എന്ന പേരിൽ ഒരു ജേർണൽ ഗിഫ്റ്റ് പ്രസിദ്ധീകരിക്കുന്നുണ്ട്.

**2. ഘടന**

ഗിഫ്റ്റിന്റെ നിയമാവലി പ്രകാരം ഭരണപരമായ കാര്യങ്ങൾ നിയന്ത്രിക്കുന്നതിനുവേണ്ടി കേന്ദ്രത്തിലേയും, വിവിധ സംസ്ഥാനത്തിലേയും സീനിയർ ഐ.എ.എസ്സുകാർ, പ്രശസ്തരായ

(..........3)

സാമ്പത്തിക വിദഗ്ദർ, മാനേജ്മെന്റ് വിദഗ്ദർ എന്നിവർ ഉൾപ്പെട്ട ഒരു 'ഗവേണിംഗ് ബോഡിയും' അതിന് താഴെ ഒരു 'എക്സിക്യൂട്ടീവ് കമ്മറ്റിയും' നിലവിലുണ്ട്. ഗിഫ്റ്റിന്റെ ചെയർമാൻ സംസ്ഥാന ധനകാര്യ വകുപ്പ് മന്ത്രിയാണ്. ഗിഫ്റ്റിന്റെ ദൈനംദിന ഭരണപരമായ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് ഡയറക്ടറും, രജിസ്ട്രാറും നിലവിലുണ്ട്. നിലവിൽ മൂന്ന് അക്കാദമിക്ക് വകുപ്പുകൾ - പബ്ലിക് ഫിനാൻസ്, നിയമം, അക്കൗണ്ടിംഗ് ആന്റ് മാനേജ്മെന്റ് ഗിഫ്റ്റിൽ പ്രവർത്തിക്കുന്നു. ആകെ ഒമ്പത് അസ്സോസിയേറ്റ് പ്രൊഫസർമാരാണ് ഈ വകുപ്പുകളിലായി ഉള്ളത്. ഇതോടൊപ്പം നോൺ -അക്കാദമിക്ക് വിഭാഗത്തിൽ പത്ത് ജീവനക്കാരും ഗിഫ്റ്റിൽ ഉണ്ട്.

(ബി) ഗിഫ്റ്റിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

(ബി) ഗിഫ്റ്റിന്റെ ശ്രീകാര്യത്തുള്ള പുതിയ ക്യാമ്പസ് പ്രവർത്തനം തുടങ്ങുന്ന മുറക്ക് അടിസ്ഥാന സൗകര്യവും പശ്ചാതല സൗകര്യവും മെച്ചപ്പെടുത്തി നിലവിലുള്ള പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുവാനും പുതിയ കർമ്മ പരിപാടികൾക്ക് രൂപം നൽകുവാനും സാധിക്കും.

(signature)

സെക്ഷൻ ഓഫീസർ